## പതിമൂന്നാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5558** **02/07/2014-ൽ മറുപടിക്ക്**

### സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം

**ചോദ്യം**

ശ്രീ. ചിറയം ഗോപകുമാർ

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ച വരുന്നത് സംബന്ധിച്ചുള്ള പഠന / ഗവേഷണങ്ങൾ എതെല്ലാം ഏജൻസി മുഖാന്തിരമാണ് നടത്തുന്നതെന്നും ആയതിന്റെ വിശദാംശം എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ ; | (എ) | തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിൽ പുതുതായി ഉണ്ടാകുന്ന കാൻസർ രോഗികളുടെ എണ്ണം കണക്കാക്കുന്നതിന് Indian Council of Medical Research (ICMR) 2006 മുതൽ സാമ്പത്തിക സഹായം ആർ.സി.സിക്ക് നൽകി വരുന്നു. |
| (ബി) | കാൻസർ രോഗത്തിന്റെ ചികിത്സയ്ക്കായി സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളവർക്കായി എന്തെല്ലാം പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന എന്നറിയിക്കുമോ ; | (ബി) | കാൻസർ രോഗത്തിൻെറചികിൽസക്കായി സാമ്പത്തിക പിന്നോക്ക അവസ്ഥയിൽ ഉള്ളവർക്കുള്ള സർക്കാർ പദ്ധതികൾ ചുവടെ പറയുന്നു.<br>• 18 വയസ്സിനു താഴെയുള്ളവർക്കുള്ള കാൻസർ സുരക്ഷാ പദ്ധതി.<br>• കാരുണ്യ ബെനവൊളൻറ് ഫണ്ട് പ്രകാരം രണ്ടുലക്ഷം രൂപയുടെ ചികിൽസാസഹായം.<br>• സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് (CHIS +) പ്രകാരം BPL വിഭാഗക്കാർക്ക് 70,000/- രൂപയുടെ സൗജന്യ ചികിൽസ.<br>• പാവപ്പെട്ട ക്യാൻസർ രോഗികൾക്ക് പ്രതിമാസ പെൻഷൻ ( 800 രൂപ)<br>• കേരള ആരോഗ്യ വകുപ്പിൻെറ "മെഡിക്കൽ അസിസ്ററൻസ് ടു ദി പൂവർ"എന്ന പദ്ധതി പ്രകാരം 20,000/- രൂപയുടെ ധനസഹായം.<br>• പട്ടികവർഗ്ഗത്തിൽപ്പെട്ട കാൻസർ രോഗികൾക്ക് സമ്പൂർണ്ണ സൗജന്യ ചികിൽസ.<br>• പട്ടികവിഭാഗത്തിൽപ്പെട്ട കാൻസർ രോഗികൾക്ക് ധനസഹായം.<br>• പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് കാൻസർ രോഗികൾക്കുള്ള ധനസഹായം. |

| | | | |
|---|---|---|---|
| | | | • Endosulphan ബാധിതർക്കായുള്ള സമ്പൂർണ്ണ സൗജന്യ ചികിൽസാപദ്ധതി<br>• 18 വയസ്സിനു താഴെയുള്ള മാരകമായതും കാൻസർ രോഗം അല്ലാത്തതും എന്നാൽ കാൻസർ രോഗം പോലെ ചെലവേറിയ ചികിൽസ ആവശ്യമായി വരുന്ന രോഗികൾക്കായുള്ള താലോലം പദ്ധതി. |
| (സി) | കാൻസർ രോഗത്തിന്റെ ചികിത്സയ്ക്കും മറ്റുമായി എല്ലാ താലൂക്കാശുപത്രികളിലും പ്രത്യേക വിഭാഗങ്ങൾ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ? | (സി) | ജില്ലാ കാൻസർ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി ഒരു ജില്ലയിലെ ഒരു പ്രധാന ആശുപത്രിയിലും ജില്ലാ കാൻസർ കെയർ സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ